# നാൾവഴികളിലൂടെ

ഉമ്മു സാബിത്ത്
ഒരുമനയൂർ



മണ്ണിലെഴുതിയ ആദ്യകവിത
കൊത്തിപ്പറന്നു ഞാൻ
കവിതയുടെ നാൾവഴികളിലേറെ ദൂരം
കൊക്കിലൊരു മിന്നാമിനുങ്ങുമായി
ഇരുളിലേക്കെത്തിനോക്കി
വികലമായ കവിതകളുടെ
നിഗൂഢതാളങ്ങൾ!
പ്രളയം നക്കിത്തുടച്ച
കുന്നിൻ ചരിവുകളിൽ
കെട്ടകവിതകളുടെ കുഴിമാടങ്ങൾ.
കൊടും കാറ്റിൽ, പേമാരിയിൽ
ഇടിമുഴക്കങ്ങളിൽ,
സാഗര ഗർജനങ്ങളിൽ
ചീന്തി എറിഞ്ഞതിന്റെ
അവശിഷ്ടങ്ങൾ.

ഇവിടെ, ഈ നവീന വീഥികളിൽ
തലയോട്ടികൾകൊണ്ട്
പണിത കോട്ടകൾക്ക് ചുറ്റും
വായിക്കപ്പെടാത്ത കവിതകളുടെ
നിലവിളികൾ.
ചെറുമീനുകളുടെ
ഉപ്പുനീർ പുരണ്ട വരികളിൽ
മൃത്യുവിന്റെ വിരലടയാളം.
താന്തോന്നിയായ കാറ്റിനാൽ
താളം പിഴച്ച കാനന കാവ്യങ്ങൾ.
മഞ്ഞിൽ പുതഞ്ഞുപോയ
വിപ്ലവകാവ്യങ്ങൾ.
അന്തിനക്ഷത്രങ്ങൾക്കിടയിൽ
എരിഞ്ഞൊടുങ്ങുന്ന
ലോലാക്ഷരങ്ങൾ.
കവിതകൾ പിറക്കും മൃതിയടയും
ഋതുക്കൾ തേടുന്നതോ
അമര കാവ്യങ്ങൾ.
ദേശാടനത്തിന് നേരമായി
വസന്തം പിറന്ന ദിക്കിലേക്ക്
മുല്ലപ്പൂ ചൂടിയ വസന്തകന്യകയുടെ
മധുര കാവ്യം കേൾക്കുന്നുണ്ടവിടെ ■

# ഭയം

ബിജു വളയന്നൂർ

പണ്ട്,
അച്ഛന്റെ
കൈയും പിടിച്ച്
കടലുകാണാൻ
പോയിട്ടുണ്ട്.
ഹൈഡ്രജനും
ഓക്സിജനും
കൂടിചേർന്ന
പുതിയൊരു
കാഴ്ചവസ്തു....

ഇപ്പോൾ,
കടലെന്ന്
കേൾക്കുമ്പോൾ
അറിയാത്തൊരു
ഭയമാണ്.
എവിടെയായിരിക്കും
മരണത്തിന്റെ
കൂട്ടുകാരായ
വെടിയുണ്ടകൾ
ഒളിച്ചിട്ടുണ്ടാവുക.... ■